| 13-05-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - അനേക ദേഹധാരികളോടുളള പ്രീതി ഉപേക്ഷിച്ച് ഒരേയൊരു വിദേഹിയായ ബാബയെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ എല്ലാ അവയവങ്ങളും ശീതളമായിത്തീരും.**

**ചോദ്യം:-** ദൈവീക കുലത്തിലുള്ള ആത്മാക്കളുടെ അടയാളങ്ങൾ എന്തെല്ലാമാണ്?
**ഉത്തരം:-** 1.ദൈവീക കുലത്തിലുള്ള ആത്മാക്കൾക്ക് ഈ പഴയ ലോകത്തോട് സഹജമായും വൈരാഗ്യമുണ്ടായിരിക്കും. 2. അവരുടെ ബുദ്ധി പരിധിയില്ലാത്തതായിരിക്കും. ശിവാലയത്തിലേക്ക് പോകുന്നതിനായി അവർ പാവനമായ പുഷ്പമാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യും. 3. ആസുരീയമായ പെരുമാറ്റങ്ങളൊന്നും തന്നെ ഉണ്ടാകില്ല. 4. തന്റെ കണക്ക് പരിശോധിക്കും എന്നിൽ നിന്നും ആസുരീയമായ കർമ്മങ്ങളൊന്നും തന്നെ ഉണ്ടായില്ലല്ലോ? ബാബയോട് സത്യം കേൾപ്പിക്കും. ഒന്നും തന്നെ ഒളിച്ചു വെക്കില്ല.

**ഗീതം:-** ഒരിക്കലും നമ്മിൽ നിന്നും വേർപിരിയില്ല....

**ഓം ശാന്തി**. ഇപ്പോൾ ഇത് പരിധിയില്ലാത്ത കാര്യങ്ങളാണ്. ഇവിടെ പരിധിയുള്ള എല്ലാ കാര്യങ്ങളും ഇല്ലാതാകുന്നു. ലോകത്തിൽ അനേകരെയാണ് ഓർമ്മിക്കുക, അനേക ദേഹധാരികളോടാണ് പ്രീതി. ഒരേയൊരാൾ മാത്രമാണ് വിദേഹി, അവരെയാണ് പരമപിതാ പരമാത്മാ ശിവൻ എന്നു പറയപ്പെടുന്നത്. നിങ്ങൾക്കിപ്പോൾ ആ പരമാത്മാവുമായിത്തന്നെ ബുദ്ധിയുടെ യോഗം വെക്കണം. ഏതൊരു ദേഹധാരിയെയും ഓർമ്മിക്കരുത്. ബ്രാഹ്മണരെ കഴിപ്പിക്കുന്നതെല്ലാം തന്നെ കലിയുഗീ ആചാര-രീതികളാണ്. അവിടെയുള്ള ആചാര-രീതിയും ഇവിടത്തെതും തികച്ചും വ്യത്യസ്തമാണ്. ഇവിടെ നിങ്ങൾക്ക് ഒരു ദേഹധാരിയെയും ഓർമ്മിക്കരുത്. ആ ഒരു അവസ്ഥ വരുന്നതു വരെയ്ക്കും നിങ്ങൾ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു. ബാബ പറയുന്നു, എത്ര കഴിയുന്നുവോ ഈ പഴയ ലോകത്തിൽ ആരെല്ലാമാണോ ജീവിച്ച് മരിച്ചു പോയവരെയും, ജീവിച്ചിരിക്കുന്നവരെയും മറക്കണം. മുഴുവൻ ദിവസവും ആർക്ക് എന്താണോ മനസ്സിലാക്കി കൊടുക്കേണ്ടത് അതിനെക്കുറിച്ച് ചിന്തിക്കൂ. എല്ലാവർക്കും സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തെക്കുറിച്ച് മനസ്സിലാക്കി കൊടുക്കൂ, കാരണം ഇതിനെക്കുറിച്ച് ആർക്കും തന്നെ അറിയില്ല. ഭൂതകാലം അർത്ഥം എപ്പോൾ നാടകം ആരംഭിച്ചു, വർത്തമാനം അർത്ഥം ഇപ്പോഴെന്താണ്. ആരംഭിച്ചത് സത്യയുഗത്തിൽ നിന്നാണ്. സത്യയുഗം മുതൽ ഇപ്പോൾ വരെയുള്ള കാര്യങ്ങളും അതുപോലെത്തന്നെ ഭാവിയിൽ എന്താണ് സംഭവിക്കുന്നതെന്നും ലോകത്തിലുള്ളവർക്ക് ഒട്ടും തന്നെ അറിയില്ല. നിങ്ങൾ കുട്ടികൾക്ക് അറിയാവുന്നതുകൊണ്ടാണ് ചിത്രങ്ങളെല്ലാം വെച്ച് പറഞ്ഞു കൊടുക്കുന്നത്. ഇത് പരിധിയില്ലാത്ത വലിയ നാടകമാണ്. മനുഷ്യർ അസത്യമായ പരിധിയുള്ള നാടകങ്ങൾ ധാരാളം ഉണ്ടാക്കുന്നുണ്ട്. അതിൽ കഥാകാരൻ വേറെയായിരിക്കും, നാടകത്തിലുള്ള ദൃശ്യങ്ങളുണ്ടാക്കുന്നവർ വേറെയായിരിക്കും. ഈ രഹസ്യങ്ങളെല്ലാം തന്നെ ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്. ഇപ്പോൾ എന്തെല്ലാമാണോ കാണുന്നത് അതൊന്നും തന്നെ അവശേഷിക്കില്ല. എല്ലാം നശിക്കുക തന്നെ ചെയ്യും. നിങ്ങൾ കുട്ടികൾക്ക് സത്യയുഗീ ലോകത്തിലെ ദൃശ്യങ്ങൾ മറ്റുള്ളവർക്ക് വളരെ നല്ല രീതിയിൽ കാണിച്ചു കൊടുക്കണം. അജ്മീറിൽ സ്വർണ്ണ ദ്വാരകയുടെ ദൃശ്യമുണ്ട്, അതിൽ നിന്നുമുള്ള ദൃശ്യങ്ങളെടുത്ത് പുതിയ ലോകത്തിന്റെ മറ്റൊരു ചിത്രമുണ്ടാക്കൂ. ഈ പഴയലോകം അഗ്നിയ്ക്ക് ഇരയാകുന്നതിന്റെ ചിത്രവുമുണ്ടല്ലോ. പിന്നീട് പുതിയ ലോകം പുറത്തേക്ക് വരുന്നു. ഈ രീതിയിൽ ചിന്തിച്ച് വളരെ നല്ല-നല്ല ചിത്രങ്ങൾ ഉണ്ടാക്കണം. ഈ കാര്യങ്ങളെല്ലാം നിങ്ങൾക്കറിയാം പക്ഷേ മനുഷ്യരുടെ ബുദ്ധി ഈ സമയം കല്ലുബുദ്ധിയാണ്. നിങ്ങൾ എത്രതന്നെ മനസ്സിലാക്കി കൊടുത്താലും ബുദ്ധിയിൽ ഇരിക്കില്ല. എങ്ങനെയാണോ നാടകം കളിക്കുന്നവർ വളരെ മനോഹരമായ ദൃശ്യങ്ങൾ ഉണ്ടാക്കുന്നത്, അതുപോലെ ആരുടെയെങ്കിലും സഹായത്തിലൂടെ മനോഹര ദൃശ്യങ്ങളുണ്ടാക്കണം. ഇങ്ങനെയുള്ളവർ നല്ല-നല്ല ആശയങ്ങൾ നൽകും. യുക്തികൾ പറഞ്ഞു തരും. അവർക്ക് മനസ്സിലാക്കിക്കൊടുത്ത് വളരെ നല്ല ചിത്രങ്ങൾ ഉണ്ടാക്കൂ, അങ്ങനെ മനുഷ്യർ വന്ന് കാണട്ടെ. സത്യയുഗത്തിൽ ഒരു ധർമ്മമെ ഉണ്ടായിരുന്നുള്ളൂ. നിങ്ങൾ കുട്ടികളിലും നമ്പർവൈസായ രീതിയിലാണ് ധാരണയുണ്ടാകുന്നത്. ദേഹാഭിമാനി ബുദ്ധികളായ കുട്ടികളെ മോശമെന്നേ പറയൂ. ദേഹിഅഭിമാനികളാണ് പുഷ്പങ്ങൾ. ഇപ്പോൾ നിങ്ങൾ പുഷ്പങ്ങളായി മാറുകയാണ്. ദേഹാഭിമാനികളാണെങ്കിൽ മുള്ളായിത്തന്നെയിരിക്കുന്നു. നിങ്ങൾ കുട്ടികൾക്ക് ഈ പഴയലോകത്തോട് വൈരാഗ്യമുണ്ടായിരിക്കണം. നിങ്ങളുടേത് പരിധിയില്ലാത്ത ബുദ്ധിയാണ് പരിധിയില്ലാത്ത വൈരാഗ്യമാണ്. നമുക്ക് ഈ വേശ്യാലയത്തോട് വെറുപ്പാണ്. ഇപ്പോൾ നിങ്ങൾ ശിവാലയത്തിലേക്ക് പോകുന്നതിനായി പുഷ്പമായി മാറുകയാണ്. മുന്നോട്ടു പോകവേ എന്തെങ്കിലും മോശമായ രീതിയിലുള്ള പെരുമാറ്റം

ഉണ്ടാവുകയാണെങ്കിൽ മനസ്സിലാക്കാം ഇവരിൽ ഭൂതത്തിന്റെ പ്രവേശതയുണ്ടെന്ന്. ഒരു വീട്ടിൽ തന്നെ പതി ഹംസമായി ജീവിക്കാൻ ആഗ്രഹിക്കുന്നു, പത്നി സമ്മതിക്കുന്നില്ലെങ്കിൽ പ്രശ്നങ്ങളുണ്ടാകുന്നു. സഹിക്കേണ്ടതായി വരുന്നു. അപ്പോൾ ഇവരുടെ ഭാഗ്യത്തിലില്ല എന്ന് മനസ്സിലാക്കാം. എല്ലാവരും ദൈവീക കുലത്തിലേക്ക് വരില്ലല്ലോ, ആയിത്തീരേണ്ടവർ മാത്രമേ അതിനുള്ള പുരുഷാർത്ഥം ചെയ്യൂ. വളരെയധികം പേരുടെ മോശമായ പെരുമാറ്റത്തിന്റെ റിപ്പോർട്ടുകൾ ബാബയ്ക്ക് വരുന്നുണ്ട്. നമ്മളിൽ ആസുരീയ അവഗുണങ്ങളുള്ളതു കൊണ്ടാണ് ബാബ ദിവസേന മനസ്സിലാക്കിത്തരുന്നത്, രാത്രി ചാർട്ട് പരിശോധിക്കൂ, എന്നിൽ നിന്നും എന്തെങ്കിലും ആസുരീയ കർമ്മങ്ങൾ ഉണ്ടാകുന്നില്ലല്ലോ? മുഴുവൻ ആയുസ്സിലും എന്തെങ്കിലും തെറ്റുകൾ ചെയ്തിട്ടുണ്ടെങ്കിലും അത് പറയൂ? ചിലർ എന്തെങ്കിലും കടുത്ത തെറ്റുകൾ ചെയ്തിട്ടുണ്ടെങ്കിൽ സർജനോട് പറയാൻ ലജ്ജ തോന്നും കാരണം തന്റെ അഭിമാനം പോകുമല്ലോ. പറഞ്ഞില്ലെങ്കിലും ബുദ്ധിമുട്ടുണ്ടാകുന്നു. മായയുടെ അടി ഏൽക്കുന്നതിലൂടെ അവനവന്റെ സത്യനാശം സംഭവിക്കുന്നു. മായ വളരെ ശക്തിശാലിയാണ്. പഞ്ച വികാരങ്ങൾക്കു മേൽ വിജയിക്കാൻ സാധിക്കുന്നില്ലെങ്കിൽ ബാബയ്ക്കും എന്തു ചെയ്യാൻ സാധിക്കും?

ബാബ പറയുന്നു– ഞാൻ ദയാമനസ്കനുമാണ്, അതുപോലെ കാലന്റെയും കാലനുമാണ്. പതിതപാവനാ വന്നു പാവനമാക്കൂ എന്ന് പറഞ്ഞ് വിളിക്കുന്നതും എന്നെത്തന്നെയാണ്. ഈ രണ്ടു മഹിമയും എന്റെ തന്നെയാണ്. ദയാ സാഗരൻ, കാലന്റെയും കാലൻ ഈ രണ്ട് പാർട്ടും ബാബ ഇപ്പോൾ അഭിനയിച്ചുകൊണ്ടിരിക്കുകയാണ്. ബാബ നമ്മെ മുള്ളിൽ നിന്നും പൂക്കളാക്കി മാറ്റുന്നു എന്ന സന്തോഷം നിങ്ങളുടെ ബുദ്ധിയിലുണ്ട്. അമരനാഥനായ ബാബ പറയുകയാണ് നിങ്ങളെല്ലാവരും പാർവ്വതിമാരാണ്. ഇപ്പോൾ നിങ്ങൾ എന്നെ മാത്രം ഓർമ്മിക്കുകയാണെങ്കിൽ അമരപുരിയിലേക്ക് പോകുന്നു. നിങ്ങളുടെ പാപവും നശിക്കുന്നു. ഭൗതികമായ തീർത്ഥാടനങ്ങൾ നടത്തുന്നതിലൂടെ നിങ്ങളുടെ പാപം നശിക്കുന്നില്ല. ഇതെല്ലാം തന്നെ ഭക്തിമാർഗ്ഗത്തിലുള്ള യാത്രകളാണ്. ഇവിടെയുള്ള ചിലവിനെക്കുറിച്ച് പലരും ചോദിക്കാറുണ്ട്. പക്ഷേ ഞങ്ങൾ ഈ മറുപടി കൊടുത്തു എന്ന് ആരും തന്നെ ബാബയോട് പറയാറില്ല. ബ്രഹ്മാവിന് ഇത്രയും സന്താനങ്ങളായ ബ്രാഹ്മണരുണ്ട് ഞങ്ങൾ തന്നെയാണ് അവനവന് വേണ്ടി ചിലവ് ചെയ്യുന്നത് എന്ന് പറയണം. ഞങ്ങൾ അവനവനുവേണ്ടി ശ്രീമതം പാലിച്ച് രാജ്യപദവിയും സ്ഥാപിക്കുന്നു. രാജ്യം ഭരിക്കുന്നതും ഞങ്ങൾ തന്നെയാണ്. ഇവിടെ രാജയോഗം പഠിക്കുന്നത് ഞങ്ങളായതുകൊണ്ട് ഞങ്ങൾ തന്നെ ഇതിന്റെ ചിലവും ചെയ്യും. ശിവബാബ അവിനാശി ജ്ഞാനരത്നങ്ങൾ ദാനമായി നൽകുന്നു, ഇതിലൂടെ ഞങ്ങൾ രാജാക്കന്മരുടെയും രാജാവായിത്തീരുന്നു. ഏതു കുട്ടികളാണോ പഠിക്കുന്നത് അവർ തന്നെ ചിലവും ചെയ്യുന്നു. അവർക്ക് ഈ രീതിയിൽ മനസ്സിലാക്കി കൊടുക്കണം, ഞങ്ങളാണ് ഞങ്ങളുടെ ചിലവ് ചെയ്യുന്നത് അല്ലാതെ ഞങ്ങൾ ആരിൽ നിന്നും യാചിക്കുന്നില്ല, സംഭാവനയും വാങ്ങുന്നില്ല. പക്ഷേ ഇതെല്ലാം മനുഷ്യർ ചോദിക്കാറുണ്ട് എന്നു മാത്രം കുട്ടികൾ എഴുതുന്നു, അതുകൊണ്ടാണ് ബാബ പറയുന്നത് എന്തെല്ലാം തന്നെ സേവനങ്ങളാണോ നിങ്ങൾ ചെയ്യുന്നത് അതിന്റെ കണക്ക് രാത്രി എഴുതി ബാബയ്ക്ക് നൽകണം. അവർക്കും സിംഹാസനം വേണം. ബാക്കി ധാരാളം ആളുകൾ കേൾക്കാനായി വരുന്നുണ്ട്. അവരെല്ലാവരും പ്രജകളായിത്തീരുന്നു. ഉയർന്ന പദവി ലഭിക്കുന്നവർ വളരെ ചുരുക്കമായിരിക്കും. രാജാക്കന്മാർ കുറച്ചേ ഉണ്ടാകൂ, ധനവാന്മാരും കുറച്ചേയുണ്ടാകൂ. ബാക്കി സാധാരണക്കാരാണ് ധാരാളമുണ്ടാകുക. ഈ ലോകത്തിലേതുപോലെ ദൈവീക ലോകത്തും അതുപോലെയായിരിക്കും. രാജധാനി സ്ഥാപിക്കുന്നു എങ്കിൽ നമ്പർവൈസായിരിക്കുമല്ലോ. ബാബ വന്ന് രാജയോഗം പഠിപ്പിച്ച് ആദി സനാതനാ ദൈവീക രാജധാനിയുടെ സ്ഥാപന ചെയ്യിക്കുന്നു. ദൈവീക ധർമ്മത്തിന്റെ രാജധാനിയുണ്ടായിരുന്നു, ഇപ്പോഴില്ല. ബാബ പറയുന്നു ഞാൻ വീണ്ടും സ്ഥാപിക്കുകയാണ്. മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുന്നതിനായി അങ്ങനെയുള്ള ചിത്രങ്ങൾ ഉണ്ടാക്കണം. ബാബയുടെ മുരളി കേൾക്കണം, അതനുസരിച്ച് ചെയ്യണം. ഓരോ ദിവസം കൂടുന്തോറും ചിത്രങ്ങൾ തിരുത്തിക്കൊണ്ടിരിക്കും. നിങ്ങൾ തന്റെ അവസ്ഥ എത്രത്തോളം ശരിയാണ് എന്നും നോക്കണം. ബാബ വന്ന് അഴുക്കിൽ നിന്നും നമ്മെ മുക്തമാക്കുകയാണ്. ആര് എത്രത്തോളം മറ്റുള്ളവരെയും അഴുക്കിൽ നിന്നും മുക്തമാക്കാനുള്ള സേവനം ചെയ്യുന്നുവോ അത്രത്തോളം ഉയർന്ന പദവി ലഭിക്കുന്നു. നിങ്ങൾ കുട്ടികൾക്ക് ക്ഷീരഖണ്ഡമായിരിക്കണം. ബാബ നിങ്ങളെ സത്യയുഗത്തെക്കാളും ഇവിടെ ഉയർന്നവരാക്കി മാറ്റുന്നു. ഈശ്വരനായ അച്ഛനാണ് നമ്മെ പഠിപ്പിക്കുന്നതെങ്കിൽ നിങ്ങൾക്കും തന്റെ പഠിപ്പിന്റെ അത്ഭുതം കാണിക്കണം അപ്പോഴാണ് ബാബയും നിങ്ങൾക്കു മുന്നിൽ സമർപ്പണമാവുക. നമുക്കും ഭാരതത്തെ സ്വർഗ്ഗമാക്കുന്നതിന്റെ സേവനത്തിൽ മുഴുകണമെന്ന് തന്റെ ഹൃദയത്തിലുണ്ടാകണം. മറ്റുള്ള ജോലികളെല്ലാം ചെയ്തോളൂ, പക്ഷേ തന്റെ ഉന്നതിയെക്കുറിച്ചുള്ള ചിന്തയും വേണം. വളരെ സഹജമാണ്. മനുഷ്യർക്ക് സർവ്വതും ചെയ്യാൻ സാധിക്കും. ഗൃഹസ്ഥത്തിൽ വസിച്ചുകൊണ്ടും രാജ്യപദവി നേടണം അതുകൊണ്ട് ദിവസേന തന്റെ കണക്ക് നോക്കണം. മുഴുവൻ ദിവസത്തിന്റെയും ലാഭവും നഷ്ടവും നോക്കണം. കണക്ക് പരിശോധിക്കുന്നില്ലെങ്കിൽ നേരെയാകാൻ വളരെ ബുദ്ധിമുട്ടാണ്. അർത്ഥം ബാബ പറയുന്നത്

അനുസരിക്കുന്നില്ല. ദിവസവും നോക്കണം, ഞാൻ ആർക്കും ദുഃഖം നൽകുന്നില്ലല്ലോ? പദവി ഉയർന്നതാകണമെങ്കിൽ അളവറ്റ സമ്പാദ്യമുണ്ടാകണം. ഇല്ലെങ്കിൽ കരയേണ്ടി വരുന്നു. ഇതും മത്സരമല്ലേ. ചിലർ ലക്ഷക്കണക്കിനു സമ്പാദിക്കുന്നു, മറ്റുചിലർ പാപ്പരായി മാറുന്നു.

ഇവിടെ നങ്ങളുടേത് ഈശ്വരീയ മത്സരമാണ്. ഇതിൽ ഓട്ടപ്പന്തയത്തിന്റെ ആവശ്യമൊന്നുമില്ല കേവലം ബുദ്ധികൊണ്ട് സ്നേഹിയായ ബാബയെ ഓർമ്മിക്കണം. എന്തെങ്കിലും തെറ്റ് സംഭവിക്കുകയാണെങ്കിൽ അത് പെട്ടെന്നു തന്നെ കേൾപ്പിക്കണം. ബാബാ എന്നിൽ നിന്നും ഈ തെറ്റ് ഉണ്ടായി. കർമ്മേന്ദ്രിയങ്ങളിലൂടെ ഇന്ന തെറ്റ് ചെയ്തു. ബാബ പറയുന്നു നിങ്ങൾക്കിപ്പോൾ ശരിയും തെറ്റും ചിന്തിക്കാനുള്ള ബുദ്ധി ലഭിച്ചിട്ടുണ്ട് അതുകൊണ്ട് ഇപ്പോൾ തെറ്റ് ചെയ്യരുത്. തെറ്റായ കർമ്മങ്ങൾ ചെയ്താൽ അയ്യോ അയ്യോ എന്ന് നിലവിളിക്കും, ബാബാ ക്ഷമിക്കൂ എന്നു പറയും, കാരണം ബാബ ഇപ്പോൾ ഇവിടെ ഇരിക്കുന്നതു തന്നെ എല്ലാം കേൾക്കാനായിട്ടാണ്. എന്തെങ്കിലും തെറ്റായ കർമ്മങ്ങളുണ്ടായി എങ്കിൽ പെട്ടെന്നു തന്നെ ബാബയോട് പറയണം, അഥവാ എഴുതണം– ബാബാ, എന്നിൽ നിന്നും ഇന്ന മോശമായ കർമ്മമുണ്ടായി അപ്പോൾ ബാബ പകുതി ക്ഷമിക്കുന്നു. അല്ലാതെ ബാബ കൃപ കാണിക്കുമെന്ന് ചിന്തിക്കരുത്. ക്ഷമയുടെയോ കൃപയുടെയോ കാര്യം തന്നെ ഇവിടെയില്ല. ഇവിടെ എല്ലാവർക്കും അവനവനെ നന്നാക്കണം. ബാബയുടെ ഓർമ്മയിലൂടെ വികർമ്മം നശിക്കുന്നു. കഴിഞ്ഞു പോയ കർമ്മക്കണക്കുകൾ യോഗബലത്തിലൂടെ ഇല്ലാതാക്കാൻ സാധിക്കും. ബാബയുടേതായി മാറിയശേഷം പിന്നീട് ബാബയെ നിന്ദിക്കരുത്. കാരണം സദ്ഗുരുവിനെ നിന്ദിക്കുന്നവർക്ക് ഒരിക്കലും ഗതിയുണ്ടാകില്ല. നിങ്ങൾ കുട്ടികൾക്കാണ് ഉയർന്ന ഗതി ലഭിക്കുന്നത്. മറ്റുള്ള ഗുരുക്കന്മാരുടെ പക്കലേക്ക് പോവുകയാണെങ്കിൽ അവരിൽ നിന്നും രാജ്യ പദവിയുടെ ഗതി ഒരിക്കലും ലഭിക്കില്ല. ഇവിടെ ഇതാണ് നിങ്ങളുടെ ലക്ഷ്യം. ഭക്തിമാർഗ്ഗത്തിൽ ലക്ഷ്യമുണ്ടാവില്ല. അഥവാ ഉണ്ടെങ്കിൽ പോലും അല്പകാലത്തേക്കുള്ളതാണ്. 21 ജന്മത്തേക്കുള്ള സുഖവും ചില്ലറ പദവിയുടെ സുഖവും തമ്മിൽ എത്ര വ്യത്യാസമാണുള്ളത്. ധനത്തിലൂടെ സുഖം ലഭിക്കുമെന്ന് ഒരിക്കലും പറയാൻ സാധിക്കില്ല. ധനത്തിലൂടെയും എത്ര ദുഃഖമാണുണ്ടാകുന്നത്. ശരി, ആരെങ്കിലും ആശുപത്രി പണിതുകൊടുക്കുകയാണെങ്കിൽ അവർക്ക് അടുത്ത ജന്മത്തിൽ രോഗങ്ങൾ കുറവായിരിക്കും. അല്ലാതെ കൂടുതൽ പഠിപ്പ് ലഭിക്കുമെന്നല്ല, ധനവും കൂടുതൽ ലഭിക്കണമെന്നില്ല, ധനത്തിനുവേണ്ടിയാണ് മനുഷ്യർ സർവ്വതും ചെയ്യുന്നത്. ആരെങ്കിലും ധർമ്മശാല പണിതുകൊടുക്കുകയാണെങ്കിൽ അടുത്ത ജന്മം കൊട്ടാരം ലഭിക്കുന്നു. ധർമ്മശാല പണിതുകൊടുക്കുന്നവർക്ക് ആരോഗ്യശാലിയായ ശരീരം ലഭിക്കണമെന്നില്ല. ബാബ എത്ര നല്ല കാര്യങ്ങളാണ് മനസ്സിലാക്കിത്തരുന്നത്. ചിലർ നല്ല രീതിയിൽ മനസ്സിലാക്കി, പിന്നീട് മനസ്സിലാക്കി കൊടുക്കുന്നു. ചിലർ മനസ്സിലാക്കുന്നേയില്ല. അപ്പോൾ ദിവസേന തന്റെ കണക്ക് പരിശോധിക്കണം. ഇന്ന് എന്തെല്ലാം പാപ കർമ്മങ്ങൾ ചെയ്തു? ഇന്ന് ഈകാര്യത്തിൽ തോറ്റുപോയി. ബാബയുടെ നിർദ്ദേശം തരുന്നുണ്ട്, അതിനാൽ അങ്ങനെയുള്ള തെറ്റായ കർമ്മങ്ങൾ ചെയ്യരുത്. നിങ്ങൾക്കറിയാം നമ്മളിപ്പോൾ സ്വർഗ്ഗത്തിലേക്കാണ് പോകുന്നത്. കുട്ടികൾക്ക് എന്തുകൊണ്ട് സന്തോഷത്തിന്റെ അളവ് വർദ്ധിക്കുന്നില്ല? ബ്രഹ്മാബാബയ്ക്ക് എത്ര സന്തോഷമാണ്, ഞാനിപ്പോൾ വൃദ്ധനാണ് ഇനി പോയി രാജകുമാനാകുമെന്ന്. നിങ്ങളും പഠിക്കുന്നു എങ്കിൽ സന്തോഷത്തിന്റെ അളവ് വർദ്ധിക്കണം. എന്നാൽ ചിലർ ബാബയെ ഓർമ്മിക്കുന്നതുപോലുമില്ല. ബാബ എത്ര സഹജമായ രീതിയിലാണ് മനസ്സിലാക്കിത്തരുന്നത് മറ്റുള്ളവർ ഇംഗ്ലീഷ് പഠിക്കുന്നതിനായി എത്രയാണ് പ്രയത്നിക്കുന്നത്. വളരെയധികം ബുദ്ധിമുട്ടാണ്. ഇത് എത്ര എളുപ്പമാണ്. ഈ ആത്മീയ പഠിപ്പിലൂടെ നിങ്ങൾ ശീതളമായിത്തീരുന്നു. ഇവിടെ ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അവയങ്ങൾ ശീതളമായിത്തീരുന്നു. നിങ്ങൾക്കാണ് ശരീരമുള്ളത്. ശിവബാബയ്ക്ക് ശരീരമില്ല. ശ്രീകൃഷ്ണനും ശരീരമുണ്ട്. എന്നാൽ അവരുടെ ശരീരം ശീതളമായതിനാലാണ് അവർക്ക് മഹിമയും ലഭിക്കുന്നത്. ശ്രീകൃഷ്ണന് ഇതുപോലുള്ള ശീതളശരീരം ആരാണ് നൽകിയത്? ഇത് നിങ്ങൾക്കിപ്പോൾ മനസ്സിലാക്കാൻ സാധിക്കും. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കും നല്ല രീതിയിൽ ധാരണ ചെയ്യണം. ഒരിക്കലും വഴക്കിടുകയോ കലഹിക്കുകയോ ചെയ്യരുത്. സത്യം മാത്രം പറയണം. അസത്യം പറയുന്നതിലൂടെ സത്യനാശം സംഭവിക്കുന്നു.

ബാബ നിങ്ങൾ കുട്ടികൾക്ക് ആൾറൗണ്ടായി എല്ലാ കാര്യങ്ങളും മനസ്സിലാക്കിത്തരുന്നു. നല്ല–നല്ല ചിത്രങ്ങളുണ്ടാക്കുകയാണെങ്കിൽ എല്ലാവരും വാങ്ങിക്കും. നല്ല വസ്തുക്കൾ കാണുകയാണെങ്കിൽ എല്ലാവരും വന്നു നോക്കും. ഇതിൽ മനസ്സിലാക്കി കൊടുക്കുന്നവരും സമർത്ഥരായിരിക്കണം. സേവനം ചെയ്യാനും പഠിക്കണം. നല്ല ബ്രാഹ്മണിമാരുണ്ടെങ്കിൽ തനിക്കു സമാനമാക്കി മാറ്റുന്നു. ആരാണോ തനിക്കു സമാനം മറ്റുള്ളവരെയും മാനേജരാക്കി മാറ്റുന്നത്, അവരെയാണ് നല്ല ബ്രാഹ്മണിയെന്നു പറയുന്നത്. അവർക്ക് ഉയർന്ന പദവിയും ലഭിക്കുന്നു. കുഞ്ഞു ബുദ്ധിയുള്ളവരായിരിക്കരുത്, അങ്ങനെയാണെങ്കിൽ ആരെങ്കിലും തട്ടിക്കൊണ്ടുപോകും. കാരണം രാവണ സമ്പ്രദായമല്ലേ. നിങ്ങളില്ലെങ്കിലും സെന്റർ സംരക്ഷിക്കാൻ യോഗ്യരായ ബ്രാഹ്മണികളെ തയ്യാറാക്കൂ. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവു

മായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യ സാരം:-

1) ബബയ്ക്ക് തന്റെ പഠിപ്പിന്റെ അത്ഭുതം കാണിച്ചു കൊടുക്കണം. ഭാരതത്തെ സ്വർഗ്ഗമാക്കുന്ന സേവനത്തിൽ മുഴുകണം. അവനവന്റെ ഉന്നതിയെക്കുറിച്ചുളള ചിന്ത വേണം. ക്ഷീരഖണ്ഡമായിരിക്കണം.

2) എന്തെങ്കിലും തെറ്റ് സംഭവിക്കുകയാണെങ്കിൽ ബാബയോട് ക്ഷമ ചോദിച്ച് സ്വയത്തെ തിരുത്തണം. ബാബ ഒരിക്കലും കൃപ കാണിക്കില്ല, ബാബയുടെ ഓർമ്മയിലൂടെ വികർമ്മത്തെ നശിപ്പിക്കണം. ബാബയെ നിന്ദിക്കുന്ന വിധത്തിലുളള ഒരു കർമ്മവും ചെയ്യരുത്

## വരദാനം:- ജ്ഞാനത്തിന്റെ വിശേഷതയിലൂടെ സംസ്ക്കാരങ്ങളുടെ ഏറ്റുമുട്ടലിൽ നിന്ന് രക്ഷപ്രാപിക്കുന്ന കമല പുഷ്പ സമാനം വേറിട്ടവരും സാക്ഷിയുമായി ഭവിക്കൂ

സംസ്ക്കാരം അവസാനം വരേയ്ക്കും ചിലരുടേത് ദാസിയുടേതായിരിക്കും, ചിലരുടേത് രാജാവിന്റേതായിരിക്കും. സംസ്ക്കാരം പരിവർത്തനപ്പെടട്ടെ ഈ കാത്തിരിപ്പ് നടത്തരുത്. എന്നാൽ എന്നിൽ ആരുടേയും പ്രഭാവം ഉണ്ടായിരിക്കരുത്, എന്തുകൊണ്ടെന്നാൽ ഒന്ന് എല്ലാവരുടേയും സംസ്ക്കാരം വിഭിന്നമാണ്, രണ്ട് മായയുടെ രൂപം പൂണ്ടും വരുന്നു, അതുകൊണ്ട് ഏത് കാര്യത്തിന്റേയും തീരുമാനം മാര്യാദയുടെ രേഖയ്ക്കുള്ളിൽ നിന്നുകൊണ്ട് നടത്തൂ, വിഭിന്ന സംസ്ക്കാരങ്ങളുണ്ടായിട്ടും ഏറ്റുമുട്ടലുണ്ടാകരുത് ഇതിനുവേണ്ടി നോളജ്ഫുളായി കമലപുഷ്പ സമാനം വേറിട്ടവരും സാക്ഷിയുമായി കഴിയൂ.

## സ്ലോഗൻ:- ബുദ്ധിമുട്ടി പരിശ്രമിക്കുന്നതിന് പകരം രമണീകതയോടെ പുരുഷാർത്ഥം ചെയ്യൂ.

### അവ്യക്ത സൂചന - ആത്മീയ രാജകീയതയുടേയും പവിത്രതയുടേയും വ്യക്തിത്വം ധാരണ ചെയ്യൂ

പവിത്രത സുഖ-ശാന്തിയുടെ ജനനിയാണ്. എവിടെ പവിത്രതയുണ്ടോ അവിടെ ദുഃഖ അശാന്തിക്ക് വരാൻ സാധിക്കില്ല. അതുകൊണ്ട് പരിശോധിക്കൂ സദാ സുഖത്തിന്റെ ശയ്യയിൽ വിശ്രമത്തോടെ അർത്ഥം ശാന്ത സ്വരൂപത്തിൽ വിരാജിതനായാണോ കഴിയുന്നത്? ഉള്ളിൽ എന്തുകൊണ്ട്, എന്ത്, എങ്ങനെ ഈ ഇളക്കങ്ങളുണ്ടോ അതോ ഇളക്കങ്ങളിൽ നിന്ന് ഉപരി സുഖ സ്വരൂപ സ്ഥിതിയിലാണോ?